# ജാമക്കാരൻ
# JAMAKKARAN


VOLUME - 7 | Reg NO.TNBIL/2016/70171 | ISSUE - 3

MARCH - 2023 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333




കർത്താവിൽ പ്രിയ വായനക്കാർക്ക്,

യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം,

ഈ മാസവും ജാമക്കാരൻ വഴിയായി നിങ്ങളോടു ബന്ധപ്പെടുന്നതിൽ സന്തോഷം. ജാമക്കാരൻ വായനക്കാർ ഓരോരോ ദിവസവും വേദപുസ്തകം വായിച്ചു. അത് ആരാഞ്ഞു പഠിച്ചു. ആ വചനത്തിന്റെ ശരിയായ അർത്ഥത്തെ അറിഞ്ഞു കൊള്ളണം. ചില വചനങ്ങളുടെ ചരിത്രപരമായ പശ്ചാത്തലം അറിയണം. അന്നത്തെ കാലത്തെ ആചാരങ്ങളുടെ അടിസ്ഥാനത്തിൽ വചനങ്ങളെ മനസ്സിലാക്കണം. അപ്പോൾ വചനത്തിന്റെ ശരിയായ അർത്ഥം മനസ്സിലാകും.

വചനം ഓടിച്ചു വായിച്ചു അർത്ഥം മനസ്സിലാക്കാതിരിക്കുന്നതു കൊണ്ടു ആത്മീക വളർച്ച ഇല്ലാതെ ഇരിക്കുന്നു. മാത്രമല്ല തെറ്റായ

ജാമക്കാരൻ JAMAKKARAN

# MARCH - 2023

ഉപദേശത്തെയും കൈക്കൊള്ളേണ്ടി വരുന്നു. ഇങ്ങനെ ജീവിച്ചാൽ കർത്താവിന്റെ വരവിൽ കൈവിടപ്പെട്ടവരാകും. പാരമ്പര്യ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചാലും മാനസാന്തര അനുഭവത്തോടുകൂടിയ രക്ഷയുടെ അനുഭവം ലഭിച്ചിരിക്കണം. എന്നാലും ക്രിസ്തീയ ജീവിതത്തിൽ സാക്ഷി ഇല്ലാതെ പോയാൽ ക്രിസ്ത്യാനി എന്നു പറഞ്ഞിട്ടു പ്രയോജനമില്ല. ഞാൻ രക്ഷിക്കപ്പെട്ടവൻ എന്നു പറഞ്ഞിട്ടും പ്രയോജനമില്ല.

മുകളിൽ പറഞ്ഞതുപോലെ വചനം വായിച്ചു അതിനെ ആരാഞ്ഞു അർത്ഥം മനസ്സിലാക്കണം. ഉദാ. അപ്പോ. പ്ര. 17:10,11 വചനങ്ങളിൽ ബെറോവേ പട്ടണത്തിൽ ഉള്ള (സഭാ) ജനങ്ങൾ, **അവർ തെസ്സലോനിക്യയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നു.** ഈ വചനം മൂലഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും വായിച്ചാൽ ഇങ്ങനെയാണ് പൗലോസ് പറഞ്ഞതിനെ ആരാഞ്ഞു നോക്കി എന്നും എഴുതിയിരിക്കുന്നു. ആരാഞ്ഞു നോക്കിയതിൽ തിരുവെഴുത്തുകളോടു താരതമ്യപ്പെടുത്തി എന്നു എഴുതിയിരിക്കുന്നു. വായനക്കാർ ഇതിലുള്ള വ്യത്യാസത്തെ ശ്രദ്ധിച്ചോ? പൗലോസ് ഉപദേശിച്ചതിനെ, പ്രസംഗിച്ചതിനെ വിശ്വസിക്കാതെ അത് വചനത്തോട് താരതമ്യപ്പെടുത്തി സ്വീകരിച്ചു. ഈ ആലോചനയെ പറഞ്ഞു കൊടുത്തതോ പൗലോസ് തന്നെ. ആകാശത്തിൽ നിന്ന് ദൈവദൂതന്മാർ പറഞ്ഞാലും സ്വീകരിക്കാൻ പാടില്ല എന്ന് പ്രസംഗിച്ചിരിക്കുന്നു. അതുകൊണ്ടാണ് പൗലോസ് പറഞ്ഞതിനെയും **ബെരോവ** വിശ്വാസികൾ ആരാഞ്ഞു നോക്കിയത് എന്ന് നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. തെസ്സലോന്യസഭയേയും മറ്റു സഭകളെയുംകാൾ **ബെരോവ** ജനങ്ങൾ എത്ര ജാഗ്രതയായിരിക്കുന്നു. അതുകൊണ്ടു ജാമക്കാരൻ വായനക്കാരായ നിങ്ങളും ദൈവവേലക്കാർ പറയുന്നതെല്ലാം വിശ്വസിക്കാതെ വചനത്തോടു താരതമ്യപ്പെടുത്തി വചനത്തിന്റെ യഥാർത്ഥ അർത്ഥത്തെ മനസ്സിലാക്കണം എന്നു ഞാൻ ആലോചന പറയുന്നു. എന്റെ ജാമക്കാരൻ മാസികയിലും, ഡോ.

പുഷ്പരാജ് എഴുതിയാലും വചനത്തോടു താരതമ്യപ്പെടുത്തി മനസ്സിലാക്കണം എന്നു ഞാൻ പല പ്രാവശ്യം മാസികയിൽ എഴുതിയിരിക്കുന്നു.

ഫെബ്രുവരി മാസം തമിഴ്നാട്ടിൽ ഒരു കൺവെൻഷൻ പ്രാസംഗികന്റെ ഭാര്യ മരിച്ചു. അവരുടെ സംസ്കാര ആരാധനയെ യുട്യൂബിൽ ഇട്ടിരുന്നത് എന്നെക്കാണിച്ചു. അതിൽ പ്രസംഗിച്ചവർ എല്ലാവരും ശവസംസ്കാരത്തിൽ പ്രസംഗിക്കേണ്ട പ്രധാന വിഷയത്തെ മനസ്സിലാക്കാതെ തങ്ങളുടെ പ്രസംഗ കഴിവുകളെ കാണിച്ചു സംസാരിച്ചു. ഒരുപാടു സമയം നഷ്ടമാക്കി. യേശു വിളിക്കുന്നു ഡി.ജി.എസ്സ്. ദിനകരന്റെ മകൻ ഡോ. പോൾ ദിനകരൻ പ്രസംഗിക്കുമ്പോൾ മരിച്ച സഹോദരിയുടെ നല്ല പ്രവർത്തികളെയും അവളുടെ നല്ല ദൈവവേലയേയും ഒന്നും പറയാതെ തന്റെ അനിയത്തി കാർ അപകടത്തിൽ മരിച്ച വിഷയത്തെ കരഞ്ഞുകൊണ്ടു പറഞ്ഞു ജനങ്ങളുടെ സഹതാപം നേടി. ആ ശവസംസ്കാരത്തിൽ പ്രസംഗിച്ച എല്ലാ പ്രസംഗിമാരേയുംകാൾ സഹോ. ആർ. സ്റ്റാൻലി (BYM) പ്രസംഗിച്ചതു മാത്രമാണു ആ അവസരത്തിൽ പ്രസംഗിക്കേണ്ട യഥാർത്ഥ പ്രസംഗമായിരുന്നു. അധികം സഭയെക്കുറിച്ചും സഭാക്കമ്മറ്റികളുടെ വഴക്കുകൾ, പ്രശ്നങ്ങൾ ബിഷപ്പുമാരുടെ സാക്ഷി നഷ്ടപ്പെട്ട വിഷയങ്ങൾ ഇതൊക്കെ പറഞ്ഞു അവിടെയുള്ള എല്ലാ ദൈവവേലക്കാർക്കും മുന്നറിയിപ്പു നല്കി. എല്ലാവരും പ്രസംഗിക്കാം എല്ലാവരും ദൈവവേല ചെയ്യാം. പക്ഷെ വചന അടിസ്ഥാനത്തിൽ ഉപദേശിക്കാത്ത കാപട്യ ദൈവവേലക്കാരുടെ മരണം വളരെ മോശമായിരിക്കും. ഈ സഹോദരി മരിച്ചു സഹോദരിയുടെ ദൈവവേലയെക്കുറിച്ചു എല്ലാവരും പുകഴ്ത്തി സംസാരിച്ചു. അതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. പക്ഷെ ഇക്കൂട്ടത്തിൽ വന്നവർ ദൈവവേലക്കാർ ഉൾപ്പെടെ മരിച്ചാൽ നിങ്ങളുടെ ആത്മാവ് എവിടെപ്പോകും? അതിനെക്കുറിച്ചു ചിന്തിക്കുന്നതു നിങ്ങൾക്കു നല്ലതാണ്. ഇതാ ന്യായാധപതി വാതില്ക്കൽ നില്ക്കുന്നു. ജഡ്ജി വന്നു കഴിഞ്ഞു, ന്യായവിധിക്കു നിങ്ങൾ റെഡിയോ? ഭയമില്ലാതെ കുറ്റബോധമില്ലാതെ വിറയൽ ഇല്ലാതെ ന്യായാധിപതിക്കു

മുൻപിൽ സന്തോഷത്തോടെ നില്ക്കും എന്നു ഉറപ്പുണ്ടോ എന്നു പറഞ്ഞു ആൾട്ടർകാൾ കൊടുക്കുന്നതുപോലെ അദ്ദേഹം പ്രസംഗിച്ചു. പ്രാർത്ഥിച്ചതു വന്നവർക്കു വലിയ ഞെട്ടൽ ഉണ്ടായി, ഭയം ഉണ്ടാക്കി. അദ്ദേഹം പ്രസംഗിച്ചശേഷം ഭയങ്കര നിശബ്ദത ഉണ്ടായിരുന്നു. ജനങ്ങൾ സ്റ്റാൻലിയുടെ പ്രസംഗത്തെ ചിന്തിക്കാൻ തുടങ്ങി എന്നു ഞാൻ മനസ്സിലാക്കി. അതിനുശേഷം അവസാനമായി ആ നല്ല ആത്മീക അന്തരീക്ഷത്തെ നശിപ്പിക്കുവാൻ തക്കവണ്ണം മോഹൻ സി. ലാസറസ് എന്ന വ്യക്തി ചില വാക്കുകൾ സംസാരിച്ചു. എല്ലാവരും എണീറ്റു നിൽക്കാൻ പറഞ്ഞു. ഇപ്പോൾ നാം പ്രാർത്ഥിക്കാം എന്നു പറഞ്ഞു. ആരും തമിഴിൽ പ്രാർത്ഥിക്കാൻ പാടില്ല. എല്ലാവരും അന്യഭാഷയിൽ പ്രാർത്ഥിക്കണം നിലവിളിച്ചു പ്രാർത്ഥിക്കണം എന്നു പറഞ്ഞു അദ്ദേഹവും അന്യഭാഷയിൽ പ്രാർത്ഥിച്ചു. അതു വലിയ മണ്ടത്തരമായി പ്പോയി. സാധാരണയായി കല്യാണത്തിനും ശവസംസ്കാരത്തിനും മറ്റു മതങ്ങളിലുള്ളവർ, മരിച്ചവരുടെ സ്നേഹിതന്മാർ, ധാരാളംപേർ പങ്കെടുക്കും അവരെല്ലാം ഈ അന്യഭാഷയെ കേട്ടിട്ടു എന്തു വിചാരിക്കും? പൗലോസ് അപ്പോസ്തലൻ 1 കൊരി. 14-ാം അദ്ധ്യായത്തിൽ പറയുന്നു. നിങ്ങൾ അന്യഭാഷയിൽ സംസാരിക്കുമ്പോൾ ഒരു അവിശ്വാസി ഉള്ളിൽ കേറി വന്നാൽ നിങ്ങൾക്കു ഭ്രാന്തെന്നല്ലേ പറയും? എന്നു വളരെ വ്യക്തമായി പറഞ്ഞു. ആ ശവസംസ്കാരത്തിൽ പല സഭകളിൽ നിന്നു വന്ന ഭൂരിപക്ഷ ക്രിസ്ത്യാനികളിൽ അവിശ്വാസികളാണു ധാരാളം ഉണ്ടായിരുന്നത്. ദൈവവേലക്കാരിലും അവിശ്വാസികൾ ഉണ്ടു, മറ്റു മതക്കാരും ആ ശവസംസ്കാര ആരാധനയിൽ പങ്കെടുത്ത അവരെല്ലാവരും എന്തു വിചാരിക്കും? ഇതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അല്ല. വായനക്കാർ ഈ വിഷയത്തെ ആരാഞ്ഞു നോക്കണം. നമ്മുടെ ദൈവത്തിനു തമിഴ് അറിഞ്ഞുകൂടെ? പിന്നെ എന്തുകൊണ്ടാണു ഭാഷ അല്ലാത്ത അന്യഭാഷയിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നത്? മൃഗങ്ങൾ തമ്മിൽ സംസാരിക്കുവാൻ, പക്ഷികൾ തമ്മിൽ സംസാരിക്കുവാൻ, അവർക്കു ഭാഷ ഉണ്ടു അതു പക്ഷികൾക്കും മൃഗങ്ങൾക്കും തന്നെ അറിയാം. പക്ഷെ കർത്താവു

പണത്തിനുവേണ്ടി പ്രവചനത്തെ പറയുവാൻ പോയ ബിലയാം എന്ന പ്രവാചകനോടു അദ്ദേഹം കേറിപ്പോയ കഴുതയുടെ വായ് വഴിയായി സംസാരിച്ചു. കഴുത തന്റെ ഭാഷയിലല്ല സംസാരിച്ചതു പ്രവാചകന്റെ മാതൃഭാഷയിൽ മുന്നറിയിപ്പ് അറിയിച്ചു. ഒരു **കഴുതക്കു മനുഷ്യനോടു** എങ്ങനെ സംസാരിക്കണം എന്നു അറിയുന്ന **ജ്ഞാനം** പോലും അന്യഭാഷ സംസാരിക്കുന്ന ദൈവവേലക്കാർക്കും പാസ്റ്റർമാർക്കും ഇല്ലാതെ പോയതു എങ്ങനെ? അതുകൊണ്ടാണ് ഈ എഡിറ്റോറിയലിൽ മറ്റുള്ളവർ പറയുന്നതു ദൈവവചനത്തോടു താരതമ്യപ്പെടുത്തി **ആരാഞ്ഞു** നോക്കണം എന്നു പറയുന്നത്.

**അന്യഭാഷ, സഭ സംസാരിക്കാൻ വേണ്ടി കൊടുക്കപ്പെട്ടത് അല്ല.** പുതിയ നിയമസഭയിൽ ധാരാളം സഭകൾ ശിഷ്യന്മാർ സ്ഥാപിച്ചു. ഒരു സഭയിലും ജനങ്ങൾ അന്യഭാഷയിൽ സംസാരിച്ചില്ല. യേശുക്രിസ്തു വിന്റെ ശിഷ്യന്മാരിൽ ഒരാൾപോലും അന്യഭാഷയിൽ സംസാരിച്ചില്ല. ഇങ്ങനെയുള്ള തെറ്റായ ഉപദേശങ്ങളോടു വായനക്കാർ ജാഗ്രതയായിരിക്കണം. നമ്മുടെ ചുറ്റിലും ഉള്ള ഭൂരിപക്ഷ സഭകൾ (സി.എസ്.ഐ. അല്ലാതെ) അന്യഭാഷ സംസാരിക്കുന്ന സഭകളായിരിക്കുന്നു. വേറെ വഴിയില്ലാതെ, ആ സഭകളിൽ പോകുന്ന വായനക്കാർ അവിടെ ഉള്ള അന്യഭാഷാ ശബ്ദങ്ങളെ ശ്രദ്ധിക്കാതെ പ്രസംഗത്തിൽ ഉള്ള നല്ല വിഷയങ്ങളെ മാത്രം കൈക്കൊണ്ടു ജീവിക്കണം. യേശു, എന്റെ വചനങ്ങളെ ആരാഞ്ഞു നോക്കുവിൻ എന്ന് സുവിശേഷ പുസ്തകത്തിൽ പറഞ്ഞു. ബെരോവ സഭക്കാരെപ്പോലെ നാം എല്ലാവരും റ്റ.വി.യിലും യുട്യൂബിലും പ്രസംഗിക്കുന്ന പ്രസംഗങ്ങൾ കേൾക്കുമ്പോൾ ജാഗ്രതയായിരിക്കണം. വായനക്കാർ എല്ലാവർക്കും വേണ്ടി ഞാൻ തുടർന്നു പ്രാർത്ഥിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

ഞാൻ പരിശുദ്ധാത്മാവിനു എതിരല്ല ഞാനും പരിശുദ്ധാത്മാവി നാൽ നിറയപ്പെട്ടവനാണ്. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് ആയ ത്രീയേക ദൈവത്തെ എന്റെ ഹൃദയത്തിൽ പ്രാപിച്ചിരിക്കുന്നതു മാത്രമല്ല ത്രീയേക

ദൈവമായി എന്റെ ഉള്ളിൽ വന്നു **കുടിയിരിക്കുന്നു**. യോഹ. 16:23, 24, 25,26. എന്റെ കൂടെയും എന്റെ ഉള്ളിലും ഉള്ള പരിശുദ്ധാത്മാവ് മുഖാന്തരം ധൈര്യമായി ഭയമില്ലാതെ നിങ്ങൾക്കും മറ്റെല്ലാവർക്കും ഉപദേശിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

- ☐ **ജാഗ്രതയായിരിപ്പിൻ** : അന്യഭാഷ സംസാരിക്കുന്ന പാസ്റ്റർമാരോടും, ദൈവവേലക്കാരോടും സഭക്കാരോടും നിങ്ങൾ **ജാഗ്രതയായിരിപ്പിൻ**.
- ☐ ഒരു ദൈവവേലക്കാരൻ പ്രസംഗിക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ ഏകദേശം നൂറു ഹല്ലേലൂയ ആമേൻ ഇടയ്ക്കിടയ്ക്കു പറയുന്നവരോടു **ജാഗ്രയായിരിപ്പിൻ**.
- ☐ പ്രസംഗിക്കുമ്പോൾ മലയാളത്തിൽ പ്രാർത്ഥിക്കുമ്പോൾ അന്യഭാഷ സംസാരിക്കുന്നവരോടു **ജാഗ്രതയായിരിപ്പിൻ**.
- ☐ നാം എല്ലാവരും ബെരോവ സഭക്കാരെപ്പോലെ **ജാഗ്രതയായിരിക്കുന്നത്** വളരെ നല്ലതാണ്.

**ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

### Name : M G E PUSHPARAJ

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**ജാമക്കാരന്റെ കുറിപ്പ് :-** സി.എം.സി. വെല്ലൂർ ആശുപത്രിയിൽ എഞ്ചീനീയറായി ജോലി ചെയ്തു റിട്ടേർഡായ ബ്ലസ്സിംഗ് യൂത്ത് മിഷൻ മിഷനറി സ്ഥാപനത്തിന്റെ സ്ഥാപകനായ ആർ. സ്റ്റാൻലി അവർകളെക്കുറിച്ചു, അദ്ദേഹമെഴുതിയ ചില അനുഭവക്കുറുപ്പുകളിൽ നിന്നു ജാമക്കാരൻ വായനക്കാർ അറിയാൻ വേണ്ടി പരസ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ പുസ്തകം വായിച്ചവർ വളരെ ചുരുക്കമായിരിക്കും. ഇന്ത്യയിലും വിദേശത്തും ജാമക്കാരൻ വായിക്കുന്ന ലക്ഷക്കണക്കായ വായനക്കാർ സഹോ. ആർ. സ്റ്റാൻലി അവർകളുടെ എല്ലാ പുസ്തകങ്ങളും അദ്ദേഹത്തെക്കുറിച്ചും അറിഞ്ഞിരിക്കാൻ സാധ്യതയില്ല. വായനക്കാർക്ക് എന്റെ പ്രസംഗത്തോടൊപ്പം മറ്റു ദൈവവേലക്കാർ എഴുതിയ നല്ല പ്രസംഗങ്ങളേയും മാസികയിൽ എഴുതുന്നതു എന്റെ ശീലമാണ്. അതിന്റെ അടിസ്ഥാനത്തിൽ സഹോ. ആർ. സ്റ്റാൻലി അദ്ദേഹത്തിന്റെ ഭാര്യ ഡോ. ലിലിയൻ സ്റ്റാൻലി എം.ബി.ബി.എസ്., ഡി.സി.എച്ച്. ഇവർ മാസികകളിലും പുസ്തകങ്ങളിലും എഴുതിയ ചില പ്രധാന വിഷയങ്ങളെ ജാമക്കാരൻ വായനക്കാർ അറിയാൻ വേണ്ടി ഞാൻ പരസ്യപ്പെടുത്തുന്നു. ഇവർ എഴുതിയ ചില വിഷയങ്ങൾ ദൈവനാമ മഹത്വത്തിനായി, വായനക്കാരുടെ നന്മക്കായി തുടർന്നും പ്രസിദ്ധീകരിക്കും.

സഹോ. ആർ. സ്റ്റാൻലി അവർകളേയും ഭാര്യ ലിലിയൻ സ്റ്റാൻലി അവർകളെയും 1970 –ാം വർഷം സി.എം.സി. യിൽ ഞാൻ പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ട കാലത്ത് ഞാൻ പരിചയപ്പെട്ടു. ഇടയ്ക്കിടെ ഞങ്ങൾ കാണാറുണ്ട്. ഇവർ സുവിശേഷവേലയിൽ ഇറങ്ങിയശേഷം ദൈവം ഇവർക്കു പ്രത്യേക താലന്തുകൾ നല്കിയിരുന്നു. അതിൽ പ്രധാനവിഷയം വേദവചനത്തെ വിവേചിച്ചു പറയുന്ന താലന്താണ്.

ആർ. സ്റ്റാൻലി അവർകളുടെ ചില പ്രത്യേക ഉപദേശ വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നാലും അദ്ദേഹത്തിന്റെ പ്രസംഗം, എഴുത്തുകൾ എന്നെ കൂടുതൽ ആകർഷിച്ചു. ഇദ്ദേഹം നല്ല ബൈബിൾ ജ്ഞാനം ഉള്ള വ്യക്തിയാണ്. ഇപ്പോൾ ബൈബിൾ ടീച്ചറായി ഉപദേശിക്കാൻ തുടങ്ങിയിരിക്കുന്നു. ഇന്നത്തെ ആത്മീകലോകത്തിൽ

പ്രസംഗത്തേക്കാൾ ബൈബിൾ പഠനം ആണ് ആവശ്യം. ഇവർ രണ്ടുപേരുടേയും പ്രസംഗം ഞാൻ വല്ലപ്പോഴും ജാമക്കാരനിൽ പരസ്യപ്പെടുത്തിയത് ഇന്ത്യയിലും വിദേശത്തുമുള്ള തമിഴ് മലയാള വായനക്കാർ കൂടെക്കൂടെ ഇവരുടെ പ്രസംഗം പരസ്യപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടതുകൊണ്ട് ഇവരുടെ പ്രസംഗം തുടർന്ന് പരസ്യപ്പെടുത്തണം എന്നു ഞാൻ ആഗ്രഹിച്ചു. ഇദ്ദേഹം ഹൃദ്രോഗിയായി ഏകദേശം മൂന്നു പ്രാവശ്യം ഓപ്പറേഷൻ നടത്തി ചികിത്സ ചെയ്യേണ്ടി വന്നു. വേറെ ചില അസുഖങ്ങളും ഇദ്ദേഹത്തെ മരണക്കിടക്കയിലാക്കി. ഡോക്ടർമാരെല്ലാം കൈവെടിഞ്ഞ അവസ്ഥയിൽ കർത്താവ് കൂടെയിരുന്നു. ഓപ്പറേഷൻ നടക്കുമ്പോഴെല്ലാം രക്ഷപ്പെടുത്തി ആയുസ്സു കൂട്ടിക്കൊടുത്തു. ഈ അടുത്ത കാലത്തിലും ആശുപത്രിയിൽ കിടക്കേണ്ടി വന്നു. എന്നാലും റ്റി.വി. യിലും ചില യോഗങ്ങളിലും ബൈബിൾ പഠനം തുടർന്നു നടത്തുന്നു. കർത്താവും അദ്ദേഹത്തിനു ഇനിയും കൃപയും ആയുസ്സും തന്നു വേദപുസ്തക ത്തിന്റെ യഥാർത്ഥ അർത്ഥങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാൻ സഹായിക്കണം എന്നു പ്രാർത്ഥിക്കുന്നു.

അദ്ദേഹം അടുത്തകാലത്ത് എഴുതിയ **ഡ്രീംസ് ഇൻ ദ ബൈബിൾ** എന്ന പുസ്തകത്തിൽ നിന്ന് ചില പ്രധാന വിഷയങ്ങളെ പരസ്യപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. തീർച്ചയായും അതു നിങ്ങൾക്കു പ്രയോജനം ആയിരിക്കും എന്നു പ്രതീക്ഷിക്കുന്നു. ഇദ്ദേഹത്തിന്റെ തമിഴ്, ഇംഗ്ലീഷ്, മലയാളം മാസിക, ഇദ്ദേഹം എഴുതിയ പുസ്തകങ്ങൾ ആവശ്യമുള്ളവർ താഴെപ്പറയുന്ന അഡ്രസിൽ ബന്ധപ്പെടുക.

Bro. **R. Stanly,**
13, Church Colony, Vellore - 632006, Tamilnadu,
Mobile 0091-9843707600, 9843011943

(ഈ പ്രാവശ്യം അദ്ദേഹത്തിന്റെ സ്വന്ത അനുഭവങ്ങളെ ഞാൻ അദ്ദേഹം എഴുതിയതുപോലെ പരസ്യപ്പെടുത്തുന്നു)

# ഹൃദയം തുറന്നു ശസ്ത്രക്രിയ

## (OPEN HEART SURGERY)



**ബ്രദർ ആർ. സ്റ്റാൻലി :** എന്റെ 50 –ാം വയസ്സിൽ, 1996 –ാം വർഷം എന്റെ അസുഖത്തിൽ നിന്നു ആദ്യപ്രാവശ്യം ദൈവം ആയുസ്സു കൂട്ടിത്തന്നു സഹായിച്ചു. അതിനുശേഷം സുവിശേഷവേലയിലും മിഷനറി പ്രവർത്തനത്തിലും ഞാൻ വളരെ ആവേശത്തോടു പ്രവർത്തിച്ചു കൊണ്ടിരുന്ന കാലത്ത് എനിക്കു ഹൃദയത്തിൽ പ്രശ്നം ഉണ്ട് എന്നു ഡോക്ടർമാർ കണ്ടുപിടിച്ചു. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ (സി.എം.സി.) 2022 ഏപ്രിൽ 23–ാം തീയതി ഹൃദയത്തിൽ ഓപ്പറേഷൻ നടന്നു. ഹൃദയത്തിലേക്ക് ചെല്ലുന്ന ഞരമ്പിൽ മൂന്നു അടവുകൾ ഉണ്ടായിരുന്നു എന്നു അറിഞ്ഞു. എന്നെ ചികിത്സിച്ച ഡോക്ടർ ജേക്കബ് ജോസ് അവർകൾ പരിശോധിച്ചു തീരുമാനിച്ചശേഷം മറ്റൊരു ഹൃദയ സർജനായ ഡോ. റോയ് കുരുവിളയും ചേർന്നു ഏഴുമണിക്കൂർ നേരം ഓപ്പറേഷൻ നടത്തി. നല്ല രീതിയിൽ ഓപ്പറേഷൻ നടന്നു. പക്ഷെ ഓപ്പറേഷൻ ചെയ്തതിനു അടുത്ത ദിവസം മുതൽ ചില പ്രത്യേക പ്രശ്നങ്ങൾ ഹൃദയത്തിൽ ഉണ്ടായി. അതിൽ നിന്നും ദൈവം എന്നെ കൃപയായി രക്ഷിച്ചു. ഈ ഓപ്പറേഷനുകളെല്ലാം ഓർത്ത് ദൈവത്തിന്റെ മനസ്സലിവു ഓർത്തു കണ്ണുനീരോടെ ഞാൻ എഴുതുന്നു. 2021 –ൽ ഞാൻ 75–ാം വയസ്സിൽ എത്തി. ഇപ്പോൾ ഞാൻ ദൈവകൃപയാൽ കൂട്ടിത്തന്ന ആയുസ്സിൽ ജീവിച്ചിരിക്കുന്നു. ഹിസ്കിയ രാജാവിനോടു ചേർന്നു ഞാനും ദൈവത്തോടു പ്രാർത്ഥിക്കുന്നതു യെശ. 38:17 **സമാധാനത്തിനായി (പകരം) എനിക്കു അത്യന്തം കൈപ്പായതു ഭവിച്ചു. യെശ. 38:15 എന്റെ**

**മനോവ്യസനം ഹേതുവായി ഞാൻ എന്റെ കാലമൊക്കെയും സാവധാനത്തോടെ (മൃദുവായി, ജാഗ്രതയായി) നടക്കും.**

**കുടുംബത്തിലുള്ളവർ, സ്നേഹിതർ (family, friends)**

മരണത്തിന്റെ കൂരിരുൾ താഴ്‌വാരത്തിൽ കൂടി ഞാൻ നടന്നു പോകുമ്പോൾ എനിക്കു തോളോടു തോൾ ചേർന്നു നിന്ന എന്റെ കുടുംബാംഗങ്ങൾക്കും എന്റെ സ്നേഹിതന്മാർക്കും കൂടുതൽ നന്ദി പറയണം. എന്നാലും ആ വാക്കോടു നിർത്തുന്നതുപോരാ (സങ്കീ. 23:4). ഇവർ തന്നെ എന്നെ ആശ്വസിപ്പിച്ച ദൈവത്തിന്റെ വടിയും കോലവുമായിരുന്നു. ഈ കാലഘട്ടത്തിൽ സദൃ. 17:17 ന്റെ അർത്ഥത്തെ ഞാൻ വ്യക്തമായി മനസ്സിലാക്കി. **സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കുന്നു. അനർത്ഥകാലത്തോ അവൻ സഹോദരനായി ത്തീരുന്നു.** അനർത്ഥകാലത്തിൽ സഹായിക്കാനായി സഹോദരൻ ജനിച്ചിരിക്കുന്നു (തമിഴ് വേദപുസ്തകം). എന്റെ ഉപദേശത്തോടു യോജിച്ചു പോകാൻ സാധിക്കാത്ത എത്രയോ പ്രസംഗകൻമാർ എനിക്കുവേണ്ടി കണ്ണുനീരോടു പ്രാർത്ഥിച്ചു. ജനങ്ങളുടെ പ്രാധാന്യത്തെ ഇങ്ങനെയുള്ള കടുപ്പമായ സാഹചര്യത്തിൽ മനസ്സിലാക്കുന്നു. ആശുപത്രിയിൽ നിന്നു പുറപ്പെടുമ്പോൾ 13 മുതൽ 15 വർഷം വരെ നിങ്ങൾക്കു ഇനി ഒരു പ്രശ്നവും ഉണ്ടാകുകയില്ല എന്നു ഉറപ്പു തന്നു. പക്ഷെ ദൈവത്തിന്റെ കരങ്ങളിൽ ഇന്നു 10 വർഷങ്ങൾ തുടർന്നു ജീവിച്ചുകൊണ്ടിരിക്കുന്നു. ഓരോരോ ഏപ്രിൽ 23 –ാം തീയതിയും എനിക്കു കിട്ടിയ ബോണസ് എന്നു പറഞ്ഞു ഡോക്ടർമാർക്കു നന്ദി പറയുന്നു.

എനിക്കു ഓപ്പറേഷൻ ചെയ്ത ഡോക്ടർമാരിൽ ഡോ. ജോസ് അവർകൾ സെന്റ്. ജോസഫ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ 1970 –ാം വർഷം ഞാൻ അദ്ദേഹത്തെ മാനസാന്തര അനുഭവത്തിലേക്കു വഴി നടത്തിയതു എന്നെ ഓർമ്മപ്പെടുത്തി. ഡോക്ടർമാർ എന്നെ ആശുപത്രിയിൽ നിന്നു വിട്ടയക്കുമ്പോൾ നാലു പ്രധാന വിഷയങ്ങൾ ശ്രദ്ധിക്കണം എന്നു പറഞ്ഞയച്ചു.


1. ആഹാര വിഷയത്തിൽ നിയന്ത്രണം ഉണ്ടാകണം.

2. തുടർച്ചയായി വ്യായാമം ചെയ്യണം.

3. ഇതുവരെ ജീവിച്ച രീതിയിൽ നിന്നു മാറ്റം വരുത്തണം.

4. ഇടയ്ക്കിടക്കു മെഡിക്കൽ ടെസ്റ്റു ചെയ്തുകൊണ്ടിരിക്കണം.

ഇതെല്ലാം എന്നെക്കൊണ്ട് ആകുന്നവിധത്തിൽ ഞാൻ കൈക്കൊള്ളുന്നു. നമ്മുടെ ആത്മീക ഹൃദയത്തിനും ഈ നാലും പ്രധാനമാണ്.



## തടിച്ച ഹൃദയം

എന്റെ രോഗം ബ്ലഡ് പ്രഷറോ ഷുഗറോ അല്ല. അളവിനു കൂടുതൽ കൊഴുപ്പു (Cholesterol) ഉള്ളതാണ്. കൊഴുപ്പു എന്ന പദത്തിന് ലോകപ്രകാരമായി അഹംഭാവം എന്നു പറയും. ആ അഹംഭാവം എനിക്കും ഉണ്ടു എന്നു നിങ്ങളിൽ പലർക്കും അറിയാം. ഈ അർത്ഥത്തിലാണോ ബൈബിളിൽ പല സ്ഥലങ്ങളിൽ

എഴുതിയിരിക്കുന്നത് എന്നു ഞാൻ വിചാരിക്കുന്നു. മോശ താൻ മരിക്കുന്നതിനുമുമ്പു എഴുതിയ പാട്ടിൽ താൻ വിലപിച്ചു എഴുതിയതു ആവ. 32:15.

യെശൂരുനോ പുഷ്ടിവച്ചു ഉതെച്ചു.

നീ പുഷ്ടിവച്ചു കനത്തു തടിച്ചിരിക്കുന്നു

തന്നെ ഉണ്ടാക്കിയ ദൈവത്തെ അവൻ ത്യജിച്ചു

തന്റെ രക്ഷയുടെ പാറയെ നിരസിച്ചു

യെശൂരുൻ എന്നത്, പാട്ടിൽ, യിസ്രായേലിനെക്കുറിക്കുന്നു. അനുഗ്രഹങ്ങളും, ജയങ്ങളും, സൗകര്യങ്ങളും വർദ്ധിച്ചാൽ നമ്മിൽ പലരും ഇതേ നിലയിൽ എത്തിച്ചേരുന്നു. യിര. 12:2 **നീ അവരെ നട്ട് അവർ വേരൂന്നി വളർന്ന് ഫലം കായിക്കുന്നു. അവരുടെ വായിൽ നീ സമീപസ്ഥനായും അന്തരംഗത്തിൽ ദൂരസ്ഥനായും ഇരിക്കുന്നു. അഹംഭാവം ഉള്ളവരുടെ**

**ഹൃദയം കൊഴുപ്പേറിയിരിക്കുന്നു. ഞാനോ നിന്റെ വചനത്തിന് സന്തോഷമായിരിക്കുന്നു എന്നു** സങ്കീർത്തനക്കാരൻ പാടി (സങ്കീ. 119:70). നമ്മിൽ പലർ വേദവചനത്തിൽ ആരംഭത്തിൽ ഉണ്ടായിരുന്ന കൊതി നഷ്ടപ്പെടുത്തി. അളവിൽ കൂടുതൽ പ്രസംഗം കേൾക്കുമ്പോൾ ദൈവവചനത്തിലെ താല്പര്യം കുറഞ്ഞുപോകുന്നു (യെശ. 6:9,10). ഹൃദയം കൊഴുപ്പേറി പോകുമ്പോൾ സാധുക്കളെക്കുറിച്ചുള്ള കരുതൽ മാഞ്ഞുപോകുന്നു (യിരെ. 5:28). പ്രവാചകൻ യിരെമ്യാവ് വഴി ദൈവം കൊടുത്ത മുന്നറിയിപ്പ് ഇതു തന്നെ.

## ഊറ്റായ ഹൃദയം

ഹൃദയം നമ്മുടെ അവയവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ശരീരം, മനസ്സ്, ആത്മാവ് എന്നിവയെ നിയന്ത്രിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഹൃദയം ആയിരിക്കുന്നു എന്നുള്ള അർത്ഥത്തിലാണ് ബൈബിൾ ഈ വാക്കിനെ ഉപയോഗിക്കുന്നത്. നമ്മുടെ ജ്ഞാനം ഹിതം ഉയർച്ചകൾ എന്നുള്ള എല്ലാം ഒരു വ്യക്തിയുടെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നത് **ഹൃദയമാണ്**. നമ്മുടെ ഉള്ളിലെ മനുഷ്യന് **ഹൃദയം** എന്നും പേർ പറയാം. നമ്മുടെ ജീവിതത്തിന്റെ വഴികൾ നിയന്ത്രിക്കുന്നതും **ഹൃദയമാണ്** (സദൃ. 4:23). ഉല്പ. 6:6 നെക്കാൾ വളരെ ദുഃഖകരമായ വചനം ബൈബിളിൽ ഇല്ല. ലോകത്തിൽ മനുഷ്യനെ ഉണ്ടാക്കുക നിമിത്തം ദൈവം ദുഃഖിച്ചു എന്നു അവിടെ എഴുതിയിരിക്കുന്നു. **ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണം ഒക്കെയും ദോഷമുള്ളത് എന്നും യഹോവ കണ്ടു** (ഉല്പ. 6:5). ഈ വചനത്തിൽ **ഒക്കെയും എല്ലായ്പോഴും** എന്ന വാക്കുകൾ നാം ശ്രദ്ധിക്കണം. **ഹൃദയം** തന്നെ എല്ലാ തെറ്റായ കാര്യത്തിനും ഊറ്റു എന്നു സദൃശ്യവാക്യ പുസ്തകത്തിൽ പല സ്ഥലത്തിൽ ചൂണ്ടിക്കാണിക്കുന്നു.

1. ഗൂഢാലോചന 6:18
2. ഇച്ഛ 6:25
3. തന്ത്രം 7:10
4. കപടം 12:20
5. മൂഢത 12:23
6. കൈപ്പു 14:10

7. പിന്മാറ്റം 14:14
8. അഹംഭാവം 16:5
9. പിടിവാശി 18:12
10. മണ്ടത്തരം 19:3
11. അസൂയ 23:17

ഇനി യേശു ക്രിസ്തുവിന്റെ വചനങ്ങളെ ശ്രദ്ധിക്കാം. **ഹൃദയത്തിൽ** നിന്ന് എന്തെല്ലാം വരുന്നു മത്താ. 15:18. മാർപ്പാപ്പയുടെയും അദ്ദേഹത്തിന്റെ കൂടെയുള്ള നേതാക്കന്മാരുടെ ഹൃദയത്തെക്കാളും എന്റെ **ഹൃദയത്തെ** ഞാൻ ഭയപ്പെടുന്നു എന്നു മാർട്ടിൻ ലൂഥർ പറഞ്ഞു.

## വലിയ ഹൃദയ വൈദ്യൻ (The Great Cardiologist)

എന്റെ (ആർ. സ്റ്റാൻലി) രോഗത്തെ കണ്ടുപിടിക്കും മുൻപ്, രക്തപരിശോധനയ്ക്കു മുൻപ് ECG, X-Ray എന്ന പലവിധ പരിശോധനകൾ എനിക്കു ചെയ്തു. **ഹൃദയം** എന്നതിന് ഗ്രീക്കിൽ **കാർഡിയ** എന്നു പറയും. അതിൽ നിന്നു തന്നെ cardio-logyഎന്ന പദം വരുന്നു. എല്ലാ പരിശോധനകളുടെ റിസൾട്ടും ചേർത്തു വച്ച് നോക്കി ഡോക്ടർമാർ രോഗത്തെ കണ്ടു പിടിക്കുന്നു. വെറും രോഗലക്ഷണങ്ങളോ അടയാളങ്ങളോ നമ്മെ വഞ്ചിക്കും. ഇതൊന്നും ഇല്ലാതെ ഇരുന്നാൽ രോഗമില്ല എന്നു പറയാൻ സാധിക്കുന്നില്ല. എന്നെക്കുറിച്ച് പറഞ്ഞാൽ വേദനയോ, വലിയ അടയാളങ്ങൾ, ഒന്നും എനിക്ക് ഉണ്ടായിരുന്നില്ല. നമ്മുടെ ക്രിസ്തീയ ജീവിതത്തിലും ഇങ്ങനെ തന്നെ, ഡോക്ടർമാർ പറയുന്നതു മാതിരി ഇടയ്ക്കിടക്കു പരിശോധന ചെയ്യാതിരുന്നാൽ അതിന്റെ ആപത്ത് വലുതായിരിക്കാം. പിന്നെ നമ്മുടെ മണ്ടത്തരം ഓർത്ത് ദുഃഖിക്കേണ്ടി വരും. നമ്മുടെ ദൈവം തന്നെ വലിയ ഹൃദയ ഡോക്ടർ. ദൈവത്താൽ കണ്ടുപിടിക്കാൻ സാധിക്കാത്ത ഉള്ളിലെ പ്രശ്നങ്ങൾ ഒന്നുമില്ല. രോഗത്തിനു കാരണം എന്ത് എന്ന് കണ്ടുപിടിക്കുന്നതിൽ ദൈവത്തിനു തെറ്റുപറ്റുന്നില്ല. അവൻ രോഗത്തിന്റെ കാരണം കണ്ടുപിടിച്ചശേഷം വേറൊരു ഡോക്ടറോട് നാം അഭിപ്രായം ചോദിക്കേണ്ട ആവശ്യമില്ല. സദൃ. 15:11 പാതാളവും നരകവും അവന്റെ നോട്ടത്തിൽ ഇരിക്കുന്നു എന്നു പറയുമ്പോൾ നമ്മുടെ **ഹൃദയവും** അവനു

മറവായിരിക്കുന്നില്ല. വെള്ളിയെ പുടവും പൊന്നിനു മൂശയും പരിശോധിക്കുന്നതുപോലെ അവൻ നമ്മുടെ **ഹൃദയത്തെ** ശോധന ചെയ്യുന്നു സദൃ. 17:3. ഇതു തീച്ചൂളയിൽക്കൂടി ചെല്ലുന്ന അനുഭവമാണ്. അത്ര വേദനയായിരുന്നാലും അവന്റെ ഓപ്പറേഷൻ ട്രീറ്റ്മെന്റിനുവേണ്ടി അവന്റെ മേശയിൽ കണ്ടിഷനില്ലാതെ നമ്മെ കിടത്തുന്നതു തന്നെ നമുക്കു നല്ലത്. ഇതാ അവൻ തരുന്ന വാക്ക് യെശ. 57:15 **ഉന്നതനും, ഉയർന്നിരിക്കുന്നവനും, ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളി ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു. താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെ വസിക്കുന്നു.** അവന്റെ വചനം തന്നെ ഓപ്പറേഷൻ മേശയിൽ തൂങ്ങുന്ന തോൽ വിളക്കുകളാകുന്നു. എബ്രാ. 4:12 അവന്റെ വാക്കു സ്കാനർ യാക്കോ. 1:23. അവന്റെ വാക്ക് മുറിക്കുന്ന കത്തി എബ്രാ. 4:12. നാം മുഖത്തെ കാണുന്നു അവൻ **ഹൃദയത്തെ** കാണുന്നു (1 ശമു. 16:7).

## ഹൃദയ ഗവേഷണത്തെക്കുറിച്ചുള്ള ചോദ്യപട്ടിക

1962 –ാം വർഷം കോളേജിൽ പഠനം ആരംഭിച്ച സമയം ഞാൻ നസ്രേത്തിലെ പ്രയർ ഗ്രൂപ്പിൽ വച്ചാണ് എനിക്ക് വീണ്ടും ജനന അനുഭവം ഉണ്ടായത്. കൂടെക്കൂടെ തനിച്ചിരുന്നു **ഹൃദയത്തെ** ആരായുന്നത് ഈ പ്രയർ ഗ്രൂപ്പിൽ ധാരാളം ഞാൻ കണ്ടു. 1963 –ാം വർഷം **കാരക്കുടി** എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ടിൽ ഞാൻ തന്നെ ആരംഭിച്ച പ്രയർ ഗ്രൂപ്പിൽ **ഹൃദയത്തെ** ആരായുന്ന ശീലത്തെ ഞാൻ പരിചയപ്പെടുത്തി. അക്കാലത്ത് മാസം തോറും അമേരിക്കയിൽ നിന്ന് (Herald of His coming) **ആഗമന ദൂതൻ** എന്ന ഉണർവ്വിൻ മാസിക ഞങ്ങൾക്കു മുടങ്ങാതെ കിട്ടിക്കൊണ്ടിരുന്നു. വെറും തിയോളജി സ്റ്റഡി ഇല്ലാതെ നല്ല പ്രസംഗങ്ങൾ ആ മാസികയിൽ ഉണ്ടായിരുന്നു. അതോടൊപ്പം **സ്വയപരിശോധനക്കു** ചോദ്യാവലി ഉണ്ടായിരിക്കും. അതു ഞങ്ങളുടെ ബൈബിൾ കുറിപ്പെടുക്കുന്ന നോട്ടിൽ വച്ച് തനിച്ചും കൂട്ടമായും **ഹൃദയത്തെ** ആരായുവാൻ ഉപയോഗിക്കും. അക്കാലത്തിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ ഇല്ല. 1971 –ൽ Blessing Youth Mission ന്റെ ആദ്യ ഉണർവ് ക്യാമ്പ് നടത്തി. അത് ഓരോരോ വർഷവും തുടർന്നു

നടന്നു. ആ ക്യാമ്പിൽ ആദ്യം പ്രസംഗം അടുത്ത് ക്യാമ്പിൽ സംബന്ധിച്ച ഓരോരുത്തർക്കും ക്യാമ്പിന്റെ വിഷയവുമായി ബന്ധപ്പെട്ട ചോദ്യപേപ്പർ എല്ലാവർക്കും വിതരണം ചെയ്യും. ഒന്നാമത്തെ പ്രസംഗം എപ്പോഴും വിശുദ്ധിയെക്കുറിച്ചായിരിക്കും. പ്രസംഗത്തെ കേട്ടവർ ആ ചോദ്യപേപ്പറുമായി ആ പരിസരം മുഴുവനും ചിതറി മുട്ടിന്മേൽ നിന്ന് **ശോധന** ചെയ്യും അപ്പോൾ **ഹൃദയം** തകർന്ന് കണ്ണുനീർ ധാരധാരയായ് ഒഴുകും.

## ദൈവമേ എന്നെ ആരാഞ്ഞു അറിയണമേ

**ഹൃദയത്തെ** ആരാഞ്ഞു എന്നു സംസാരിക്കുമ്പോൾ നമ്മെത്തന്നെ ആരാഞ്ഞു നോക്കണം. നമ്മുടെ **ഹൃദയം** നമ്മെ കുറ്റവാളി എന്നു വിളിക്കുന്നെങ്കിൽ ദൈവം നമ്മുടെ **ഹൃദയത്തെക്കാൾ** വലിയവനായിരുന്നു. എല്ലാം അറിഞ്ഞിരിക്കുന്നു. പ്രിയരേ, നമ്മുടെ **ഹൃദയം** നമ്മെ കുറ്റവാളി എന്നു വിധിക്കാതിരുന്നാൽ ദൈവത്തെ നമുക്കു ധൈര്യമായി അഭിമുഖാകരിക്കാം. 1 യോഹ. 3:20–21 ഇതു അത്ര എളുപ്പമായ ട്രെയിനിംഗ് അല്ല. അതുകൊണ്ടുതന്നെ ദാവീദ്, തന്റെ പാപങ്ങളെ ഉണർന്നവൻ ആർ എന്നു വെല്ലുവിളിച്ചു സങ്കീ. 19:12. നമ്മുടെ ജീവിതത്തിൽ തുനിഞ്ഞു ചെയ്യുന്ന പാപങ്ങൾ, മറ്റു വലിയ ദ്രോഹങ്ങൾ എന്നിവയെക്കാൾ നമ്മുടെ മറഞ്ഞിരിക്കുന്ന പാപങ്ങൾ അധികമായി കാണപ്പെടും (സങ്കീ. 19:12–13). നമ്മുടെ വസ്ത്രങ്ങളെയല്ല **ഹൃദയങ്ങളെ** കീറി ദൈവത്തിന്റെ അടുക്കൽ മടങ്ങി പോകണം (യോവേ. 2:12–13). ദൈവം വിളിക്കുന്നു. നമ്മെ ആഴമായ് നോക്കാതെ പുറമേ നോക്കിയാൽ വിശുദ്ധിയിൽ വളരുവാൻ വലിയ പരാജയമായിരിക്കും. നമ്മെ പരിശോധന ചെയ്യുമ്പോൾ നമ്മുടെ പാപങ്ങളെയും അനുസരണക്കേടുകളെയും ദൈവത്തോടു ഏറ്റുപറഞ്ഞശേഷമാണ് ദാവീദിനെപ്പോലെ പ്രാർത്ഥിക്കേണ്ടത്. ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ **ഹൃദയത്തെ** അറിയണമേ എന്നെ പരിശോധിച്ച് എന്റെ നിനവുകളെ അറിയണമേ സങ്കീ. 139:23. സങ്കീ. 26:2, ഇയ്യോബും ഇതേ രീതിയിൽ ദൈവത്തോടു അപേക്ഷിച്ചു. എന്റെ അതിക്രമങ്ങളും എന്റെ പാപങ്ങളും എത്ര അധികമായിരിക്കുന്നു. എന്റെ അനുസരണക്കേടും എന്റെ പാപവും എന്നെ ഉണർത്തണം കർത്താവേ (യോബ് 13:23).

Serch me, O God and
Know my heart today

എന്നെ ഭയഭക്തിയായ പാട്ട് ഉണ്ടാക്കിയ **ഡോ. ജെ. എഡ്‌വിൻ ആർ** (1912–1987) അവർകളെയും, 1968–ാം വർഷം മദ്രാസ് ഇമ്മാനുവേൽ മെതഡിസ്റ്റ് ചർച്ച് ഈവനിംഗ് സർവ്വീസിൽ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ അവസരം കിട്ടി. ഡോ. സാം കമലേശൻ ആ പള്ളിയിൽ സീനിയർ പാസ്റ്ററായിരുന്നു (1920–2021). **ഡോ. ആർന്** എന്റെ ബൈബിൾ കൊടുത്ത് ഓട്ടോഗ്രാഫ് ചോദിച്ചു. അദ്ദേഹം ഒപ്പിട്ട് ഒരു വചനം എഴുതി അത് 1 യോഹ. 1:8 ആയിരുന്നു. **നമുക്കു പാപമില്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു**. നമ്മുടെ ഉള്ളിൽ സത്യമില്ല. വാസ്തവത്തിൽ അദ്ദേഹം ഒരു ശരിയായ ഉണർവു പ്രാസംഗികൻ (Revivalist). പക്ഷെ അദ്ദേഹം ഒരു സുവിശേഷകനായിരുന്നാൽ (Evangelist) തന്റെ ഒപ്പിന്റെ താഴെ യോഹ. 10:10 എന്ന് എഴുതിയിരിക്കും. അദ്ദേഹം എഴുതിയ പാട്ട് ഞങ്ങളുടെ ക്യാംപുകളിൽ പാടുമ്പോഴെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ ശക്തമായിരുന്നു.

ഓരോ ദിവസവും ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുന്നതിനെക്കാൾ അതതു സമയത്ത് ചില ദിവസങ്ങൾ **ഹൃദയത്തെ** അറിയുന്നതിനായി ഞാൻ മാറ്റി വയ്ക്കും. നാം ചെരിപ്പിട്ടു കൊണ്ടു നടന്നാലും വീട്ടിൽ എത്തിയാൽ കാലു കഴുകുമല്ലോ? യേശുക്രിസ്തുവിനെ വിചാരിച്ചു കുളിക്കുന്നതു വ്യക്തിപരമായ വിശ്വാസരൂപീകരണത്തിന്റ (Positional Sanctification) ആദ്യത്തെ പടി. എന്നാൽ കാലുകഴുകുന്നതു ശുദ്ധീകരണത്തിന്റെ (Practical Sanctification) യോഹ. 13:5–10 അനുഭവമാകുന്നു.

പല വഴികളിൽ ഞാൻ എന്നെ ആരാഞ്ഞുനോക്കി ജീവിച്ചിരിക്കുന്നു. ഈ പരിശീലനത്തിനായും, എനിക്കായും, ക്യാംപിനു വേണ്ടിയും ഒരുക്കിയ ലിസ്റ്റ് എന്റെ ഡയറിയിൽ ഉണ്ട്. അതിൽ ചില വിഷയങ്ങളെ തിരഞ്ഞെടുത്ത് നിങ്ങൾക്കു പരിശോധനയ്ക്കായി ഞാൻ എഴുതുന്നു.

## A. ആദാമിന്റെ പാപങ്ങൾ

1. **അനുസരണക്കേട്**
2. **തന്നെ മറച്ചുകൊണ്ടുള്ളന്നത്** (ഉല്പ. 3:8) മരങ്ങൾക്കു പിന്നിൽ
   അല്ല ക്രൂശിന്റെ പിറകിൽ പോകണം.
3. **നന്ദിയില്ലാത്തത്** (ഉല്പ. 3:12) നീ എനിക്കു തന്ന ഹവ്വ.

4. **മറ്റവരുമേൽ പഴി ഇടുന്നത്** (ഉല്പ. 3:12).
5. **തന്റെ നേതൃത്വത്തിൽ തെറ്റു ചെയ്യുന്നതു** (ഉല്പ. 3:17). പിശാചിന്റെ വഞ്ചനയിൽ നിന്നു രക്ഷപ്പെടുവാൻ അവളെ സഹായിച്ചില്ല (ഉല്പ. 3:13).
6. **തൃപ്തിയില്ലാത്തത്** (ഉല്പ. 2:16–17; 3:17–18, 22–24).
7. **മാറ്റങ്ങൾ** (ഉല്പ. 3:7) കുറ്റ ഉണർവ്വിന്റെ ബാധിപ്പ്.

## B. ഹൃദയ ഒരുക്കം

1. ആരാധന (മത്താ. 15:8, 22:37).
2. പ്രാർത്ഥന (സങ്കീ. 66:18, സദൃ. 15:8)
3. ബൈബിൾ ഗവേഷണത്തിനും ഉപദേശിക്കാനും (എബ്രാ. 7:10).
4. സുവിശേഷവേലയ്ക്ക് (റോമ. 9:1–2, 10:1).
5. വഴിപാട് കൊടുക്കുവാൻ (പുറ. 25:2, 35:21; 2 കൊരി. 9:7).
6. സാമൂഹികസേവനം ചെയ്യുവാൻ (1 ദിന. 12:6)
7. അടുത്തുള്ളവരോട് പെരുമാറാൻ (സങ്കീ. 55:21, മത്താ. 18:35).

## C. ക്രിസ്ത്യാനികളുടെ വിഗ്രഹങ്ങൾ

1. ഞാൻ പണത്തെ ദുർവ്യയം ചെയ്യുന്നോ (കൊലൊ. 3:5).
2. ഞാൻ എന്റെ വേലയെ (ദൈവവേലയെ) വിഗ്രഹമാക്കുന്നോ (ഹോശെയാ 3:4).
3. ഞാൻ ദൈവവേലക്കാരെ വിഗ്രഹമാക്കുന്നോ (1 കൊരി. 3:4–7).
4. ഞാൻ എന്റെ കുടുംബത്തെ വിഗ്രഹമാക്കുന്നോ (മത്താ. 10:37, ലൂക്കോ. 14:26).
5. ഞാൻ ഇൻപങ്ങളെയും സുഖങ്ങളെയും വിഗ്രഹമാക്കുന്നോ
(1 കൊരി. 7:29–31, 6:1213).
6. ഞാൻ എന്റെ ശരീരത്തെ വിഗ്രഹമാക്കുനനോ (1 തിമൊ. 4:8, 1 കൊരി. 9:27).
7. ഞാൻ എന്റെ ഭാവികാലത്തെ വിഗ്രഹമായ് ചിന്തിക്കുന്നോ (മത്താ. 6:25,34).

## D. ദൈവം വെറുക്കുന്ന കാര്യങ്ങൾ (സദൃ. 6:16–19)

1. അഹങ്കാരത്തോടുകൂടിയ നോട്ടം.
2. കള്ളം സംസാരിക്കുന്ന നാവ്
3. രക്തം ചിന്തുന്ന കൈകൾ
4. ചീത്തഹൃദയം
5. തെറ്റു ചെയ്യുവാൻ ആഗ്രഹിക്കുന്ന കാലുകൾ.
6. കള്ളസാക്ഷി പറയുന്നത്.
7. പക്ഷപാദചിന്തയെ.

ദൈവം ഇഷ്ടപ്പെടുന്നതു നിങ്ങളും ഇഷ്ടപ്പെടണം. അവൻ വെറുക്കുന്നതു നിങ്ങളും വെറുക്കണം ദൈവത്തെ സന്തോഷപ്പെടുത്തുന്ന ജീവിതം ഇതുതന്നെ. ദൈവത്തിനു ഇഷ്ടമില്ലാത്ത വഴിയിൽ സമ്പാദിക്കുന്നതു ഏതും സ്വീകരിക്കരുത്. ദൈവം സ്നേഹിക്കുന്നത് സ്നേഹിക്കുന്നതിനെക്കാൾ അവൻ വെറുക്കുന്നതു നാം വെറുക്കാൻ കൂടുതൽ ധൈര്യംവേണം. യേശു ഈ രണ്ടിനെയും സമപ്പെടുത്തി. അവൻ നീതിയെ ആഗ്രഹിച്ചു. ആക്രമത്തെ വെറുത്തു.

## E. സ്നേഹത്തിനു തെളിവ് (1 കൊരി. 13:4-7)

1. ഞാൻ ക്ഷമയുള്ളവനായിരിക്കുന്നോ?
2. ഞാൻ ദയയുള്ളവനായിരിക്കുന്നോ?
3. ഞാൻ അസൂയയില്ലാത്തവനായിരിക്കുന്നോ?
4. ഞാൻ അഹങ്കാരമായിരിക്കുന്നതു വെറുക്കുന്നോ?
5. ഞാൻ സ്വാർത്ഥത വെറുക്കുന്നോ?
6. ഞാൻ ദേഷ്യപ്പെടുന്നതു ഉപേക്ഷിക്കുന്നോ?
7. ഞാൻ തെറ്റായ വിഷയത്തിൽ സന്തോഷിക്കുന്നോ?
8. ഞാൻ സംശയിക്കുന്ന സ്വഭാവത്തെ ഉപേക്ഷിക്കുന്നോ?
9. എനക്കു ഇഷ്ടമില്ലാത്തതു നടന്നാൽ ഞാൻ സ്നേഹിച്ചു കൊള്ളുന്നോ?

ദൈവം സ്നേഹമാകുന്നു (യോഹ. 3:16).

## E. ഞാൻ ബൈബിളിനെ സ്നേഹിക്കുന്നുവോ?

1. **ഇയ്യോബിന്റെ സാക്ഷി : ഞാൻ അവന്റെ അധരങ്ങളുടെ കല്പന വിട്ടു പിന്മാറിയിട്ടില്ല. അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു** (ഇയ്യോ. 23:12).
2. **എസ്രായുടെ സാക്ഷി : പ്രവാസികളുടെ അകൃത്യം നിമിത്തം യിസ്രായേലിൻ ദൈവത്തിന്റെ വചനത്തിങ്കൽ വിറക്കുന്നവരൊക്കെയും എന്റെ അടുക്കൽ വന്നു കൂടി** (എസ്ര 9:4).
3. **സങ്കീർത്തനക്കാരന്റെ സാക്ഷി : നിന്റെ ന്യായപ്രമാണം എന്റെ പ്രമോദം ആയിരുന്നില്ലെങ്കിൽ ഞാൻ എന്റെ കഷ്ടതയിൽ നശിച്ചു പോകുമായിരുന്നു** (സങ്കീ. 119:97).

4. **യിരെമ്യാവിന്റെ സാക്ഷി : ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു. നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി** (യിരെ. 15:16).
5. **മറിയയുടെ സാക്ഷി : ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്നുപറഞ്ഞു** (ലൂക്കോ. 1:38).
6. **യേശുവിന്റെ സാക്ഷി : അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു; പുസ്തകച്ചുരുളുകളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു** (എബ്രാ. 10:7).
7. **പത്രോസിന്റെ സാക്ഷി : "സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു; പുല്ലു വാടി പുവുനിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു" അത് ആകുന്നു നിങ്ങളോടു പ്രസംഗിച്ച വചനം** (1 പത്രോ. 1:24–25).

കുറ്റബോധം വേണ്ട (condemnation). ഇത്തരത്തിലുള്ള കാര്യങ്ങൾ നാം ചെയ്യുമ്പോൾ കുറ്റബോധം വരുന്നതു സ്വാഭാവികം എന്നാലും ക്രിസ്തുയേശുവിൽ ജീവിക്കുന്നവർക്കു ശിക്ഷാവിധിയില്ല എന്നു നാം ഓർക്കണം (റോമ. 8:1). പിശാചു എപ്പോഴും കുറ്റബോധം ഉണ്ടാക്കുവാൻ ശ്രമിക്കും. പരിശുദ്ധാത്മാവു നമ്മെ പാപത്തെക്കുറിച്ചു ബോധം വരുത്തും. സാത്താൻ ഉണ്ടാക്കുന്ന കുറ്റബോധത്തെയും പരിശുദ്ധാത്മാവ് ഉണ്ടാക്കുന്ന പാപബോധവും (conviction) ഇവയെ നാം വേർപെടുത്തി കാണുവാൻ നാം അറിയണം. പാപബോധം തരുന്ന പരിശുദ്ധാത്മാവ് പാപം ഏറ്റുപറയാനും കഴുകപ്പെടാനും നമ്മെ നടത്തും. ഏറ്റുപറയുന്ന പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. ക്ഷമിക്കപ്പെടുന്ന പാപങ്ങൾ മറക്കപ്പെടുന്നു (എബ്രാ. 8:12, യിരെ. 31:34). ശരിക്കു പറയുമെങ്കിൽ വീണ്ടും ജനനത്തിൽ ദൈവം നമ്മുടെ ഹൃദയത്തെ റിപ്പയർ മാത്രം ചെയ്യാതെ അതിനെ എടുത്തുകളഞ്ഞിട്ട് പുതിയ ഹൃദയം തരുന്നു (യെഹെ. 11:19, 18:31, 36:26). ഹൃദയം മാറ്റിവെക്കൽ (Heart Transplantation) ഈ പുതിയ നിയമത്തിൽ അനുഗ്രഹത്തെക്കുറിക്കുന്ന

വിധത്തിൽ ദൈവത്തെ നോക്കി ദാവീദിന്റെ അപേക്ഷ പ്രവചനമായി മാറി. ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണം (സങ്കീ. 51:10) അതു തന്നെ ശുദ്ധമനസാക്ഷി (എബ്രാ. 9:13, 14; 10:19–22). ക്രിസ്തുവിലും ക്രിസ്തുവിനോടും, ക്രിസ്തുമൂലവും. എല്ലാം യേശുവേ എനിക്കു എല്ലാം യേശുവേ എന്നു നമുക്കു പാടാം.

**ഏപ്രിൽ 23**

1996 ഏപ്രിൽ 23 ചൊവ്വാഴ്ച രാവിലെ ഓപ്പറേഷൻ തിയറ്ററിൽ കൊണ്ടുപോകപ്പെട്ടു. ഏതു ഭയവും ഇല്ലാതെ അസാധാരണമായ ധൈര്യത്തോടെ ഞാൻ കിടന്നു. പൊതുവായി ഞാൻ കൂടുതൽ പതറിപ്പോകുന്നവൻ അന്നത്തെക്കാലങ്ങളിൽ ഹൃദയഓപ്പറേഷൻ പലതും പരാജയപ്പെട്ടു. ഈ വിവരങ്ങൾ ഞാൻ ഹോസ്പിറ്റലിൽ ജോലിയായിരുന്നതുകൊണ്ടു അറിഞ്ഞു. ആ ചിന്ത എന്നിൽ വന്നില്ല. ഓപ്പറേഷൻ തിയറ്ററിൽ പോകുന്ന ദിവസം വെപ്രാളം ഇല്ലാതെ ഇരുന്നതിനു കാരണങ്ങൾ

1. ഏത് വിപരീത സാഹചര്യത്തിലും കാര്യങ്ങൽ താങ്ങുവാൻ എന്റെ ഭാര്യയും എന്റെ മകളും സാമർത്ഥ്യമുള്ളവരും കൂർമ്മബുദ്ധിയും മനോധൈര്യവും ഉള്ളവരായിരുന്നു.
2. ബി.വൈ.എം. പ്രധാന തലവനായി ഞാനിരുന്നാലും ഡിസ്ട്രിക്ട്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാർ, പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റ് ഫിനാൻസ് കോ-ഓർഡിനേറ്റർ ഇവർക്കെല്ലാം എല്ലാ ജോലികളിലും ഞാൻ കൊടുത്ത കൂട്ടു നേതൃത്വമായി (shared leadership) എന്റെ വേല മുഴുവനും അവർക്കു ഏല്പിച്ചുകൊടുത്തതു കൊണ്ടു ഞാനില്ലാതെ പോയാലും മിനിസ്ട്രി നടക്കും. ആധിപത്യം (യെശ. 9:6). അതുകൊണ്ടു എനിക്കു ഭയം ഒന്നും ഇല്ലായിരുന്നു. കർത്താവ് എന്നെ ജീവനോട് ഭദ്രമായി ഓപ്പറേഷൻ തിയറ്ററിൽ നിന്നും ഐ.സി.യു. വിൽ നിന്നും ആശുപത്രിയിൽ നിന്നും പുറത്തു കൊണ്ടു വന്നു. ഓപ്പറേഷൻ ചെയ്ത നാലാം ദിവസം ബ്ലെസ്സിംഗ് മാസികയിലെ തെറ്റുകളെ തിരുത്താൻ തുടങ്ങി. മുൻപുപോലെ പ്രസംഗിക്കാൻ എവിടെയും പോകുന്നില്ല. ഓപ്പറേഷൻ കഴിയുന്ന ദിവസം മുതൽ ഇന്നു വരെ മറ്റെല്ലാ വേലയെക്കാളും ദൈവവചനവ്യാഖ്യാന വേലയിൽ ഞാൻ കൂടുതൽ സമയം ചിലവഴിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളായി പ്രസംഗ പണി ഞാൻ നിർത്തി.

അതുകൊണ്ടു നല്ല ഫലം എന്റെ ശരീരത്തിനു കിട്ടി. ഏതോ ഒരു സ്ഥലത്ത് കൂട്ടങ്ങളിൽ പ്രസംഗിക്കുന്നതിനേക്കാൾ എന്റെ എഴുത്ത് പല വേദരഹസ്യങ്ങളെ ഇന്റർനെറ്റ് വഴി അയക്കും. പല ലേഖനങ്ങൾ എഴുതി അയക്കുന്നു. പല ആഴമായ വേദരഹസ്യം അടങ്ങിയ പുസ്തകങ്ങൾ എഴുതന്നതു മുഖാന്തരം ലോകം മുഴുവനും ധാരാളം പേർക്ക് അനുഗ്രഹമായി ഞാൻ ഇരിക്കുന്നു. പ്രത്യേകതയുള്ള കാര്യം എന്തെന്നാൽ യുണൈറ്റഡ് നേഷൻസ് സംഘടന (UNESCO) ഏപ്രിൽ 23 നെ അഖിലലോക പുസ്തകദിനം എന്ന് അറിയിച്ചിരിക്കുന്നു. പുസ്തകങ്ങൾ എഴുതുന്ന എഴുത്തുകാർ വായനക്കാർക്കായി സന്തോഷ ദിമായി ആചരിക്കുന്നു. മാത്രമല്ല 1564 –ൽ ഏപ്രിൽ 23 ന് ഷേക്സ്പിയർ ജനിച്ചു. 1616 –ൽ ഏപ്രിൽ 23 ന് അദ്ദേഹം മരിച്ചു. എന്റെ ഓപ്പറേഷനിൽ നിന്നു രക്ഷപ്പെട്ട നാൾ ഏപ്രിൽ 23 ഇതും സാദ്ധ്യമോ.

## എന്റെ ബലഹീനതകൾ

ദൈവം എനിക്കു ബലമായവൻ ഇപ്രകാരമുള്ള പല വാചകങ്ങൾ ബൈബിളിൽ പല ഭാഗങ്ങളിലും ഉണ്ട്. മോശ പാടുന്ന പാട്ടുകളിൽ ഈ വാക്കുകൾ ആദ്യമായി പറയുന്നതു നമുക്കു വായിക്കാം (പുറ. 15:1–2). കർത്താവിനെ ഞാൻ പാടും അവൻ മഹിമയായ് ജയം എടുത്തു കർത്താവു എൻ ബലവും ഗീതവുമായവൻ. അതേപോലെ പറഞ്ഞത് ദാവീദ് 2 ശമു. 22:33 ദൈവം എനിക്കു ബലവും കോട്ടയുമായി ഇതേ വാക്ക് സങ്കീ. 18:2, 28:7, സങ്കീ. 118:16 ദാവീദ് പല സ്ഥലങ്ങളിൽ ഇങ്ങനെ പറയുന്നു. സങ്കീർത്തനത്തിൽ ഇതുപോലെ സങ്കീ. 19:14, 22:15, 19:27, 43:2, 46:1, 59:17, 62:7, 73:26, 81:1, 140:7, 144:1 എഴുതിയിരിക്കുന്നു. യെശയ്യ 49:5, യിരെ. 16:19, ഹബക്കുക്ക് 3:49 ഇങ്ങനെ നമുക്ക് ബൈബിളിൽ വായിക്കാം. പുതിയനിയമപുസ്തകത്തിൽ വ്യക്തികൾ തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ബലത്തെ അനുഭവിച്ചിരിക്കുന്നു. കർത്താവിൽ ബലപ്പെടുവിൻ എന്ന ആലോചനയും ഉണ്ട്. പക്ഷെ കർത്താവു തന്നെ എന്റെ ബലം എന്ന വാചകം ഇല്ല എഫെ. 6:10.

ശരീരരീതിയായി, ധനരീതിയായി, മനരീതിയായി, ആത്മീക രീതിയായ ബലക്കുറവുകൾക്ക് നാം അപരിചിതരല്ല. തങ്ങളുടെ ബലഹീനങ്ങളെ ചിലർ മാത്രം അറിയിക്കും. പലർ ജനങ്ങൾ തങ്ങളെ വളരെ മോശമായി വിചാരിക്കുമോ എന്നു

വിചാരിച്ചു പലർ മൗനമായിരിക്കുന്നു. തങ്ങളുടെ ബലഹീനങ്ങളെ ദൈവമുൻപിൽ സമ്മതിക്കുന്നവർക്കാണ് മറ്റുള്ളവരെക്കാൾ ബലം കിട്ടുന്നത് എന്നതാണ് എന്റെ സ്വന്ത അനുഭവത്തിൽ ഞാൻ കണ്ടത്. നമ്മുടെ ബലഹീനതകളെ പുറത്തറിയിക്കേണ്ട കാര്യമില്ല പക്ഷെ ദൈവത്തോടു അറിയിക്കണം. നമ്മെ മുതുകിൽ കൂനാക്കത്തില്ല എന്നുള്ള ആളുകളോടു പറയുന്നത് ആവശ്യമായ ബലം ലഭിക്കാൻ കാരണമാകും (സങ്കീ. 6:2, 29:11, യിരെ. 31:27). തങ്ങളുടെ ബലഹീനതളെ ലേഖനത്തിൽ എഴുതുന്ന വിധത്തിൽ ഒളിവും മറവും ഇല്ലാതിരുന്നു. അവർ തങ്ങളെ ബലഹീനരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ജീവിച്ചു (2 കൊരി. 11:29). നാം എല്ലാവരും ബലക്കുറവു ഉള്ളവർ തന്നെ. അവരവർക്കു വെവ്വേറെ ഭാഗങ്ങൾ ബലഹീനത ഉണ്ടാകുന്നു അത്രതന്നെ. പലവിധ ബലഹീനതകളോടു പോരാടുന്ന വിശ്വാസികളുടെ പേരിലും എന്റെ സ്വന്തപേരിലും ഞാനിതെഴുതുന്നു. പോരാട്ടത്തിൽ വിഷമിക്കുന്ന ഞങ്ങളോടു ചേർന്നുകൊള്ളാൻ നിങ്ങളെയും ഞാൻ വിളിക്കുന്നു. നമ്മുടെ ദൈവമാണ് നമുക്കു ബലമായവൻ എന്നതുതന്നെ എല്ലാ ബലഹീനതകൾക്കും അവസാനം പരിഹാരം. **എന്റെ മാംസം ബലഹീനമായത്** എനിക്കുള്ളതു ബലമുള്ള ആത്മാവും പക്ഷെ എന്റെ ജഡം ബലഹീനമായത്. തന്റെ ശിഷ്യന്മാരോടു യേശു ഇതു പറഞ്ഞിട്ടുണ്ട്. ആത്മാവ് ഒരുക്കമുള്ളതു പക്ഷെ ജഡം ബലഹീനമായത് (മത്താ. 26:41, മർക്കോ. 16:38). പരീക്ഷകളിൽ നിന്ന് രക്ഷപ്പെട്ടു ഓടണം എന്നു ഞാൻ പല തീരുമാനങ്ങൾ എടുക്കുന്നു ചില ദിവസങ്ങൾ ആഴ്ചകൾ ഞാൻ ജയിക്കുന്നു. വീണ്ടും അതേ പരീക്ഷകളിൽ വീണുപോകുന്നു. ഇതേമാതിരി പോരാട്ടം ഉണ്ടായിരുന്ന പൗലോസ് പറയുന്നതു ഞാൻ സമ്മതിക്കുന്നു. തെറ്റായതു എന്നെ വലിച്ചിഴക്കുമ്പോൾ പൗലൂസിന്റെ സാക്ഷി എന്നെ ഉത്സാഹപ്പെടുത്തുന്നു (റോമ. 7:15,18,19). **ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ, എന്നിൽ എന്നു വച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്‌വാനുള്ള താല്പര്യം എനിക്കുണ്ട് പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ.**

ഇന്നും എനിക്കുള്ളിൽ പാപസ്വഭാവം ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അത്

എന്നിൽ നിന്നു നീക്കപ്പെട്ടിട്ടില്ല. യേശു എന്നെ രക്ഷിച്ചപ്പോൾ പാപത്തിൽ ശിക്ഷയിൽ (Penality) നിന്നു ഞാൻ വിടുവിക്കപ്പെട്ടു (റോമ. 6:23). പക്ഷെ പാപത്തിന്റെ ശക്തിയോ ഇന്നും എനിക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്റെ മരണം വരെ ഈ പോരാട്ടം തുടരും. ഈ സത്യത്തെ നിങ്ങളുടെ മുമ്പിൽ ഞാൻ മറച്ചാൽ എന്നെ ഞാൻ വഞ്ചിക്കുന്നു. (1 യോഹ. 1:8) അതായത് പാപ സ്വഭാവം നശിപ്പിക്കപ്പെട്ടിട്ടില്ല (eradication) പാപത്തിൻ ശക്തിയിൽ നിന്നു വിടുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു (emancipation) ഈ സത്യത്തെ ഞാൻ മറന്നുപോയാൽ രക്ഷയുടെ സന്തോഷത്തെയും ഞാൻ നഷ്ടപ്പെടുത്തും. പിന്നെ കുറ്റമനസാക്ഷിയോടു ജീവിച്ചുകൊണ്ടിരിക്കും (guilt trip).
റോമ : 7 –ൽ നിന്നു മുകളിൽ പറഞ്ഞ പൗലൂസിന്റെ വാചകത്തെ ഞാൻ എന്റെ പരീക്ഷകൾക്കു തുടർന്നു ചെയ്യുവാൻ ഒരു പരിചയായി ഉപയോഗിക്കാൻ പാടില്ല. പൗലൂസ് തന്റെ മനസ്സിനും ശരീര അവയവത്തിനും ഇടയിൽ തുടങ്ങുന്ന പോരാട്ടത്തെ വിവരിച്ചു പറഞ്ഞശേഷം വിടുതലിനുവേണ്ടി കരഞ്ഞു നിലവിളിക്കുന്നു.

ഒടുവിൽ തന്റെ ഈ പ്രയാസത്തിന് കർത്താവായ യേശു തന്നെ. മറുപടി എന്നു കണ്ടുപിടിച്ചു (റോമ. 7:25). എന്നാൽ ഇതിന്റെ അർത്ഥം എന്താണ്? പാപം ചെയ്യാൻ പാടില്ല എന്നു പറയാൻ തീരുമാനിക്കണം എന്റെ ഉള്ളിലെ ക്രിസ്തുവിൻ ആത്മാവ് എനിക്ക് ബലം തരുന്നു (റോമ. 8:2,9). ഈ ഉള്ളിലെ ബലം തന്നെ കൃപ എന്നുള്ളതാണ്. കൃപയിന്മേൽ നാം ചാരിയിരുന്നാൽ തന്നെ പാപം നമ്മെ കീഴ്പ്പെടുത്താൻ സാധിക്കില്ല (റോമ. 6:14, തീത്തോ. 2:11–13). ജഡമോഹം ആഗ്രഹം നിറഞ്ഞ നോട്ടം. തൃപ്തിയുള്ള ജീവിതത്തിന്റെ നിഗളം എന്നുള്ള മൂന്നു പ്രധാന പാപങ്ങളെക്കുറിച്ചു വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നല്ലോ എന്നു പിശാചിന്റെ മുഖത്തടിച്ചതുപോലെ പറഞ്ഞ് ജയമെടുത്തതുപോലെ ഞാൻ എന്റെ ഉള്ളിൽ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കണം (മത്താ. 4:10, 1 യോഹ. 2:16). പാപത്തെ ജയിക്കാൻ സഹായിക്കുന്ന ബൈബിൾ വചനത്താൽ ഞാൻ എന്നെ നിറച്ചുകൊള്ളണം (സങ്കീ. 119:11). ദൈവത്തിന്റെ ഈ വാക്കുകൾ എന്റെ ഉള്ളിലാക്കുമ്പോഴാണ് ഞാൻ ബലവാനാകുന്നത് (1 യോഹ. 2:16–17).

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN
## (FORM IV)

| | | |
|---|---|---|
| 1. Title of the news paper | : | **JAMAKKARAN** |
| 2. Language(s) in which it is published | : | **TAMIL / MALAYALAM** |
| 3. Place of publication | : | 89,Majeeth Street, Old Suramangalam, Salem - 636 005. |
| 4. Periodicity of its publication | : | Monthly |
| 5. Printer's name | : | M.Velu |
| (whether citizen of India) | : | Indian |
| Address | : | P.M.Press<br>168,Arumuga Nagar, Salem-636 005 |
| 6. Publisher & Editor's name | : | **Dr.M.G.E.PUSHPARAJ** |
| (whether citizen of India) | : | Indian |
| address | | 89,Majeeth Street, Old Suramangalam. Salem-636005 |

I, **Dr. M.G.E.PUSHPARAJ** *hereby declare that the particulars given above are true to the best of my knowledge and belief.*

Dated : 1- 3-2023
Salem - 636 005

**(Sd.) Dr. M.G.E.PUSHPARAJ**
*Signature of Publisher & Editor*

**MARCH-2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.